**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **26-07-2021 - ൽ മറുപടിയ്ക്ക്**

**ജലപാത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ജലപാത പദ്ധതിയുടെ വികസന നടപടികളുടെ ഭാഗമായി പദ്ധതി പ്രദേശം നവീകരിക്കുമ്പോൾ പ്രസ്തുത പ്രദേശങ്ങളിൽ താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ല ജലപാത പദ്ധതിയുടെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ ഇരുകരകളിലുമുള്ളവരെ പുനരധിവസിപ്പിക്കുന്ന തിനായി ഭൂമി കണ്ടെത്തുന്ന നപടികൾ നടന്നു വരുന്നു. |
| (ബി) | ഇത്തരത്തിൽ വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര പേർക്ക് പുനരധിവാസ സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ടി.എസ് കനാല് നവീകരണത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗ് നടക്കുമ്പോൾ അപകടാവസ്ഥയിലുള്ള കുടുംബങ്ങളെ അടിയന്തിരമായി മാറ്റി പാർപ്പിക്കേണ്ടതിനാൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 76 കുടുംബങ്ങൾക്ക് പുനരധിവാസ സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | വർക്കല മണ്ഡലത്തിലെ പുനരധിവാസത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ? | (സി) | 16.03.2020 ലെ സ.ഉ(ആർ.റ്റി) നമ്പർ 07/2020/CSIND പ്രകാരം 60 കുടുംബങ്ങൾക്ക് 600 ലക്ഷം (6 കോടി) രൂപയുടെ ഭരണാനുമതിയും, 07.1.2021 ലെ സ.ഉ(ആർ.റ്റി) നമ്പർ 12/2021/CSIND പ്രകാരം 16 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 160 ലക്ഷം (1.6 കോടി) രൂപയുടെയും ഭരണാനുമതി ലഭിച്ചു. 41 പേരുടെ വസ്തു രജിസ്ട്രേഷൻ പൂർത്തീകരിച്ചു. ആയത് പ്രകാരം 1,65,38,565 /- രൂപ ചിലവഴിച്ചു. കൂടാതെ ഭവന നിർമാണത്തിന് 27 പേർക്ക് ഒന്നാം ഗഡുവും, 3 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ച വക 72,11,672 /- രൂപ ചിലവഴിച്ചു. മേൽ പ്രകാരം ആകെ 2,37,50,237 /- രൂപ ചിലവഴിച്ചു. |

സെക്ഷൻ ഓഫീസർ